# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 84/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 04/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയിൻകീഴ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.4/ 84/2023 തീയ്യതി: 04/03/2023

## തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 22-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 23-11-2022 | 02-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-11-2022 | 02-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി. എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.പ്രേംനാഥ് ജി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അൻവർ രാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അമലാദേവ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വത്സല കുമാരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ബിന്ദു രാജ് എം.എ | സെക്രട്ടറി | 01-04-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അന്ന അലക്സ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീജ എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ഷീജ പി.കെ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2021 | 31-03-2022 |
| ഡോ.സേതുമാധവൻ ആർ | വെറ്റിറിനറി സർജൻ | 01-04-2021 | 06-06-2021 |
| ഡോ.സുനിൽകുമാർ | വെറ്റിറിനറി സർജൻ | 07-06-2021 | 30-09-2021 |
| ഡോ.ജിനുകുമാർ | വെറ്റിറിനറി സർജൻ | 01-10-2021 | 06-10-2021 |
| ഡോ.സേതുമാധവൻ ആർ | വെറ്റിറിനറി സർജൻ | 06-10-2021 | 31-03-2022 |
| ഡോ.രമ്യ ആർ.എസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി ഷബാന | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 01-04-2021 | 31-03-2022 |
| ശ്രീമതി.രാധിക എസ്.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 01-04-2021 | 31-03-2022 |
| ശ്രീ ഷിബു.റ്റി.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി വസുന്ധരാദേവി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 14-11-2021 |
| ശ്രീമതി അഞ്ജന കമലൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15-11-2021 | 31-03-2022 |
| ശ്രീമതി ഹെബ്സിബ | ഹെഡ്മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീ അനിൽകുമാർ ബി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 11-11-2021 |
| ശ്രീമതി ലൈല | അസിസ്റ്റന്റ് എഞ്ചിനീയർ | 12-11-2021 | 31-03-2022 |
| ഡോ.ലിയോറാണി പി.എൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക - പരിശോധനയുടെ അവലോകനം | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | പദ്ധതി ആസൂത്രണം - പിഴവുകൾ പരിഹരിക്കപ്പെടണം | 1-4-1 |
| 7 | ക്ഷേമപദ്ധതികൾ | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിവരുന്നു | 1-5-1 |
| 9 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-6 |
| 10 | പണം നീക്കിയിരിപ്പ് പരിശോധന | 1-7 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | കെട്ടിട നികുതി കുടിശ്ശിക തുക 32,46,784/- രൂപ | 1-10 |
| 14 | വസ്തു നികുതി - വിവിധ അപാകങ്ങൾ | 1-11 |
| 15 | 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത | 1-11-1 |
| 16 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത | 1-11-2 |
| 17 | ഇളവ് കാലാവധി കഴിഞ്ഞും നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്യിട്ടില്ല- തനത് വരുമാനങ്ങൾ കുറവ് സംഭവിക്കുന്നു. | 1-11-3 |
| 18 | തൊഴിൽ നികുതി-തനതു വരുമാനം ഉയർത്തുന്നതിൽ വീഴ്ച-പരിഹരിക്കപ്പെടണം | 1-12 |
| 19 | ആയുർവേദ മരുന്നുകളുടെ വിതരണം -മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല | 1-13 |
| 20 | ലോഗ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത | 1-14 |
| 21 | കൃഷി ഓഫീസറുടെ പദ്ധതികൾ - അവലോകനം | 1-15 |
| 22 | ഹോമിയോ മരുന്നുകൾ ഒരു വർഷത്തിലധികം കാലം വൈകി വിതരണം | 1-16 |
| 23 | ധ്വനി - ശ്രവണ സഹായി വിതരണം - പട്ടികയിൽ ഇല്ലാതിരുന്ന വ്യക്തിക്ക് പദ്ധതി സഹായം നൽകി | 1-17 |
| 24 | ഇ-ടെണ്ടർ നടപടികളിലൂടെ ലഭ്യമാകുന്ന വരുമാനം - പഞ്ചായത്ത് ഫണ്ടിൽ എത്തിക്കേണ്ടതാണ് | 1-18 |
| 25 | ടേക്ക്-എ-ബ്രേക്ക് പബ്ലിക്ക് ടോയ്‌ലെറ്റ് സംവിധാനം - വിശദാംശങ്ങൾ | 1-19 |

| | | |
|---|---|---|
| | ഹാജരാക്കണം | |
| 26 | ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി | 1-20 |
| 27 | പത്രപ്പരസ്യം -ഡിസ്കൗണ്ട് കണക്കാക്കിയിട്ടില്ല | 1-21 |
| 28 | ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയില്ല. | 1-22 |
| 29 | ലൈഫ് ഭവന പദ്ധതി | 1-23 |
| 30 | വെള്ളക്കരം-ബില്ലുകളിൽ ആശയക്കുഴപ്പം | 1-24 |
| 31 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. -1291393 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 32 | ആഞ്ഞിലി മരം-ലേലം ചെയ്യേണ്ടതാണ്. | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി. | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-21-ലെ ബജറ്റ് 09.02.2022-ലെ 2 (1) ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പെടെ 518245416 രൂപയും, പ്രതീക്ഷിത ചെലവ് 513017900 രൂപയും, നീക്കിയിരിപ്പ് 5227516 രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 26.04.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രിക - പരിശോധനയുടെ അവലോകനം

1. മുൻകാലങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ/ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു - തുടർനടപടി സ്വീകരിക്കുന്നില്ല

വാർഷിക ധനകാര്യപത്രികയിലെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ലഭ്യമായ മേൽ ഫണ്ടുകൾ വിനിയോഗിക്കുന്നതിനോ തിരികെ അടവാക്കുന്നതിനോ നടപടി സ്വീകരിക്കുന്നില്ല.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 320100119 | Centrally Sponsored Scheme-Western Ghat Development Scheme | 87080 |
| 2. | 320700104 | Contributions For Joint Venture Projects(for Capital Expenditure)-From Block Panchayats | 126173 |

മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4 ന് Centrally Sponsored Scheme-Western Ghat Development Scheme ഇനത്തിൽ ലഭിച്ച തുകയിൽ 2016 മുതൽ ചെലവഴിക്കാതെ കിടക്കുന്ന തുകയാണ് അക്കൗണ്ടിലുള്ളതെന്നും കൂടാതെ മച്ചേൽ അംഗനവാടി നിർമാണത്തിന് വേണ്ടി ലഭിച്ച 525000 രൂപയിൽ 398827 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് എന്നും, ബാലൻസ് തുകയാണ് Contributions For Joint Venture Projects From Block Panchayatsഅക്കൗണ്ടിലുള്ളത് എന്നമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

2. Benificiary Contributions ഇനത്തിൽ 66422 രൂപ നീക്കിയിരിപ്പുണ്ട്.

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 66422/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയത് ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്നും. ആയത് നീക്കിയിരിപ്പായതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4 ന് കിച്ചൻ ബയോ ബിൻ , ജലജീവൻ മിഷൻ, ഫലവൃക്ഷത്തൈ എന്നീ പദ്ധതികൾക്ക് വേണ്ടി വാങ്ങിയിട്ടുള്ള ഗുണഭോക്തൃവിഹിതമാണെന്നാണ് മറുപടി നൽകിയത്. ഇപ്രകാരം ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ മറ്റ് ഫണ്ടുകൾ ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതും ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരികെ അടവാക്കേണ്ടതുമാണ്.

3.Accumulated Depreciation അതുമായി ബന്ധപ്പെട്ട ആസ്തിയെക്കാൾ അധികം തുക രേഖപ്പെടുത്തിയിരിക്കുന്നു

Accumulated Depreciation അനുമായി ബന്ധപ്പെട്ട ആസ്തിയെക്കാൾ അധികം തുക രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B-11 പ്രകാരം നീക്കിയിരിപ്പ് | Accumulated Depreciation തുക |
|---|---|---|---|
| 410800101 | Other Fixed Assets | 2863181 | (8215835) |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4ന് Other Construction, Movable Asset Others എന്നിവയുടെ Depreciation Head ഇല്ലാത്തതിനാൽ ആയത് കൂടി പ്രസ്തുത ഹെഡിൽ ഉൾപ്പെടുത്തിയതിനാലാണ് ആസ്തിയെക്കാൾ അധികം തുക രേഖപ്പെടുത്തിയത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്.

4. റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP- 40 B പ്രകാരം Treasury Special TSB- Joint Venture അക്കൗണ്ടിൽ 673678/-രൂപ ആണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. എന്നാൽ, തൻവർഷ ബാലൻസ് ഷീറ്റ് (ബി4) പ്രകാരം Contributions For Joint Venture Projects(for Capital Expenditure)- From Block Panchayats ഇനത്തിൽ 126173 രൂപയും Joint Venture Projects For Revenue Expenditure- From Block Panchayat ഇനത്തിൽ 570054/- രൂപയും Joint Venture Projects For Revenue Expenditure- From District Panchayat ഇനത്തിൽ 12534/- രൂപയുമാണ് നീക്കിയിരിപ്പായി അവശേഷിക്കുന്നത് (ആകെ 708761). Joint Venture അക്കൗണ്ടിലും തൻവർഷ ബാലൻസ് ഷീറ്റ് (ബി4) ലും നീക്കിയിരിപ്പിൽ വ്യത്യാസം വന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 4 ന് മുൻ വർഷങ്ങളിൽ Joint Venture തുക ട്രഷറി അക്കൗണ്ടിന് പുറമെ തനത് ഫണ്ട് അക്കൗണ്ടിലും ലഭിച്ചിട്ടുണ്ട് ആയതിനാലാണ് Joint Venture അക്കൗണ്ടിലും തനത് വർഷ ബാലൻസ് ഷീറ്റിലും നീക്കിയിരിപ്പിൽ വ്യത്യാസം വന്നിട്ടുള്ളത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. പ്രസ്തുത വ്യത്യാസം ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (21069362/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (10972233/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ അപാകത സംബന്ധിച്ച നൽകിയ എൻക്വയറി 4 ന ക്യാഷ് ഫ്ലോ പത്രിക സോഫ്റ്റ്‌വെയർ ജനറേറ്റഡ് ആണ് എന്നാണ് മറുപടി നൽകിയിരിക്കുന്നത്

6. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ B-15 Schedule പ്രകാരം താഴെ പറയുന്ന വരവുകളിൽ കുടിശ്ശിക നിലനിൽക്കുന്നു.

| | |
|---|---|
| Receivables For Property Tax (Current) | 1213513 |
| Receivables For Property Tax (Arrear) | 1080071 |
| Receivables For Property Tax On Non Residential Buildings (Current) | 568970 |
| Receivables For Property Tax On Non Residential Buildings (Arrear) | 426371 |
| Receivables For Profession Tax- Institutions/ Professionals/ Traders (Current) | 11250 |
| Receivables For Profession Tax- Institutions/ Professionals/ Traders (Arrear) | 12500 |
| Rent Receivables From Buildings (Arrear) | 34992 * |

* 2020-21 വർഷവും ഇതേ തുകയാണ് നീക്കിയിരിപ്പായുള്ളത്.

ആയത് ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 4ന് പഞ്ചായത്തിന് ലഭിക്കാനുള്ള തുക ഈടാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകുകയും ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തിട്ടുള്ളതാണെന്നും കെട്ടിടത്തിനുള്ള വാടക ഈടാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് കത്ത് നൽകിയതാണെന്നും മറുപടി ലഭ്യമാക്കി.

8. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം B-18 ഷെഡ്യൂളിൽ Advance To Implementing

Agencies- Deposit With Public Works Department ഇനത്തിൽ 1275641 രൂപ അവശേഷിക്കുന്നു.2020-21 മുതൽ ഒരേ തുകയാണ് നീക്കിയിരിപ്പ് മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 4 ന വിനിയോഗ സാക്ഷ്യപത്രം കിട്ടുന്നമുറയ്ക്ക് തുക ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകി.

9. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 4 ന സോഫ്റ്റ് വെയറിൽ ടി സംവിധാനം നിലവിലില്ല എന്നാണ് മറുപടി നൽകിയത്. മേൽ വിവരം ഐ.കെ.എം ന്റെ ശ്രദ്ധയില്പ്പെടുത്തുന്നതാണെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു.

10. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 4 ന വർഷാവസാനമാണ് ഡിമാന്റും അഡ്ജസ്റ്റ്മെന്റും ചെയ്യുന്നതെന്നും അത്തരത്തിലുള്ള സംവിധാനമാണ് സോഫ്റ്റ്വെയറിൽ ഉള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

11. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ തുക ഉൾപ്പെടുത്തിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 4 ന വരും വർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി .

12. 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460500501 | Advance To Implementing Officers | 91683 |
| 460100199 | Other Advances | 91826 |
| 460509901 | Advance To Others | 1374625 |

ആയതിന്റെ വിശദാംശവും മുൻക്കുറുകൾ നാളിതുവരെ ക്രമീകരിക്കാത്തതിന് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ എൻക്വയറി 6 ന് Advance To Implementing Officers ഇനത്തിലുള്ള തുക 2022 - 23 വർഷം ക്രമീകരിക്കുന്നതാണെന്നും Other Advances ഇനത്തിലുള്ള തുക സാക്ഷരതാ പ്രേരക്മാർക്ക് വേതനം നൽകിയ വകയിൽ ചെലവായതാണെന്നും തുക മടക്കി ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും Advance To Others ഇനത്തിലുള്ള തുക എം.എൻ.ആർ.ജി.എസ് ന് അഡ്വാൻസായി നൽകിയതാണെന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

13. B-9 ഷെഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിൽ 5966/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി നം 6 ന് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

14. താഴെപ്പറയുന്ന ഡെപ്പോസിറ്റുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ 3 വർഷത്തിലധികമായി തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

| ഇനം | 1/4/19 ലെ മുന്നിരിപ്പ് | 1/4/19 മുതൽ 31/3/22 വരെയുള്ള തിരിച്ചടവ് | അവശേഷിക്കുന്ന തുക |
|---|---|---|---|
| Contractors Earnest Money Deposit | 101538 | 57000 | 44538 |
| Auction Deposit | 77844 | 5000 | 72844 |
| Rent Deposit | 20600 | 13000 | 7600 |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നം. 6 ന് കാലാവധി കഴിഞ്ഞിട്ടുള്ള തുക ക്രമീകരിച്ച് ഓഡിറ്റിൽ

അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ എല്ലാ അപാകങ്ങളും പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19514055 | 19514055 | 22185380 | -2671325 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9503511 | 9503511 | 8600616 | 902895 |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | 26300 | 26300 | 0 | 26300 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 12405247 | 12405247 | 4382269 | 8022978 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 7318978 | 7318978 | 3789901 | 3529077 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 24093604 | 24093604 | 16207785 | 7885819 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 9113313 | 9113313 | 5689973 | 3423340 |
| സി.എസ്.എസ് | 0 | 0 | 0 | 2027404 | -2027404 |
| എസ്.എസ്.എസ് | 0 | 0 | 0 | 1540000 | -1540000 |

വികസനഫണ്ട് ജനറൽ, സി.എസ്.എസ്, എസ്.എസ്.എസ് എന്നിവയിലെ നീക്കിയിരിപ്പ് നെഗറ്റീവ് ആയത് വിശദീകരിച്ചിട്ടില്ല.

1.ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 14210355 | 10334995 | 72% |
| | പട്ടിക ജാതി | 900000 | 840000 | 93% |
| സേവനം | പൊതുവിഭാഗം | 83597146 | 35089865 | 41% |
| | പട്ടിക ജാതി | 35231191 | 12234324 | 34% |
| പശ്ചാത്തലം | പൊതുവിഭാഗം | 34809270 | 21406918 | 61% |

2.ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറും എ.എഫ്. എസുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | എ.സി.ആർ പ്രകാരമുള്ള ചെലവ് തുക | എ എഫ് എസ് പ്രകാരമുള്ള തുക | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|---|
| Development Fund-General | 19449573 | 18877712 | 22185380 |
| CFC Grant- Tied | 4382269 | 9007211 | 4382269 |
| CFC Grant -Untied | 3789901 | 6553151 | 3789901 |

| | | | |
|---|---|---|---|
| Maintenence Fund – Road | 18170634 | 16207785 | 16207785 |

മേൽ അപാകത സംബന്ധിച്ച നൽകിയ എൻക്വയറി നം. 6ന് ഉറവിടത്തിൽ നിന്നും കറവ് ചെയ്ത തുകയാണ് പഞ്ചായത്തിന് ലഭിച്ചതെന്നും എന്നാൽ ആയത് ജി.ഒ പ്രോജക്ടായി സുലേഖ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയതിനാൽ പദ്ധതിയിൽ ചെലവ് വന്നിട്ടുള്ളതുമാണ്. CFC Tied, Untied തുകയുടെ വരവാണ് 6197000, 4204643 രൂപകളായി എ എഫ് എസിൽ വന്നിട്ടുള്ളത് എന്നും എ സി ആർ പ്രകാരമുള്ള തുക അനുവദിക്കുമെങ്കിലും വിവിധ കാരണങ്ങളാൽ ആയത് ട്രഷറിയിൽ നിന്നും മാറാത്തതിനാലാണ് ഈ വ്യത്യാസങ്ങൾ എല്ലാം ഉണ്ടായിരിക്കുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്

3. 2021-22 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്ത് ബ്ളോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് വിഹിതമായി ലഭ്യമായതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320700104 | Contributions For Joint Venture Projects(for Capital Expenditure)- From Block Panchayats | 126173 |
| 2 | 320700204 | Contributions For Joint Venture Projects(for Revenue Expenditure)- From Block Panchayats | 570054 |
| 3 | 320700205 | Contributions For Joint Venture Projects(for Revenue Expenditure)- From District Panchayats | 12534 |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമല്ല. 23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. പ്രസ്തുത തുകകളുമായി ബന്ധപ്പെട്ട പദ്ധതികൾ സ്പിൽ ഓവർ ആയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. ഇല്ലെങ്കിൽ ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറിയതിനും അക്കൗണ്ട് സീറോ ബാലൻസ് ആക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നം. 4 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-4 പദ്ധതി അവലോകനം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം | അടങ്കൽ |
|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 14 | 13 | 2355515 | 1 | 92.86 | 2403455 |
| 2 | വെറ്റിനറി സർജൻ | 7 | 6 | 7645900 | 1 | 85.71 | 8206900 |
| 3 | മെഡിക്കൽ ഓഫീസർ - PHC | 8 | 8 | 1541258 | 0 | 100 | 1805000 |
| 4 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 3 | 3 | 718141 | 0 | 100 | 737200 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | മെഡിക്കൽ ഓഫീസർ - ആയുർവേദം | 6 | 6 | 1750000 | 0 | 100 | 1750000 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 14 | 13 | 8973630 | 1 | 92.86 | 54914955 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13 | 8 | 8044960 | 5 | 61.54 | 9655773 |
| 8 | സെക്രട്ടറി | 53 | 34 | 11752761 | 19 | 64 | 23473526 |
| 9 | എച്ച്.എം. | 9 | 7 | 1466981 | 2 | 77.78 | 1929050 |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 20 | 17 | 10580190 | 3 | 85 | 19709000 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 114 | 73 | 2228644 | 41 | 64.04 | 39329322 |
| 12 | ഡയറിഫാം ഇൻസ്ട്രക്ടർ | 3 | 3 | 877500 | 0 | 100 | 1600000 |
| 13 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 12 | 1656642 | 1 | 92.31 | 1973781 |
| | ആകെ | | | | | | |

## 1-4-1 പദ്ധതി ആസൂത്രണം - പിഴവുകൾ പരിഹരിക്കപ്പെടണം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് കേരളത്തെ സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതോടൊപ്പം സാമൂഹ്യനീതിയുടെയും പരിസ്ഥിതി സുരക്ഷയുടെയും ഉത്തമ മാതൃകയാക്കി മാറ്റാനമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ ലക്ഷ്യങ്ങൾ നേടാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടതുണ്ട്. സൂചിപ്പിക്കപ്പെട്ട സാഹചര്യം സംജാതമാക്കുന്നതിന് താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും വിദഗ്ധരുടേയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ ഒരു ആസൂത്രണ പ്രക്രിയ ആണ് 29.01.2018 ലെ സ.ഉ. (കൈ) നം. 11/2018/തസ്വഭവ എന്ന ഉത്തരവിലൂടെ പുറപ്പെടുവിച്ചിട്ടുള്ളത്. പദ്ധതികാലത്തെ ആദ്യ വർഷങ്ങളിലെ അനുഭവ പാഠങ്ങൾ ഉൾച്ചേർത്തുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യാൻ 2021-22 സാമ്പത്തിക വർഷത്തിലും കഴിയാതെ പോയത് ഒരു വീഴ്ച തന്നെയാണ്. ഫണ്ടുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ തിരിച്ചറിയാതെയും, ഘടക പദ്ധതികളെ വേണ്ട രീതിയിൽ നോക്കികാണാതെയും ആണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണം നം. 1 & 25 ലെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. വിദ്യാഭ്യാസ മേഖലയിൽ ഹെഡ്മിസ്ട്രസ് മുഖേന നടപ്പിലാക്കിയ പദ്ധതികളിൽ സർവ്വശിക്ഷ കേരള പ്രോഗ്രാമിന് വിഹിതം നൽകൽ എന്ന പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട് (പ്രോജക്ട് നമ്പർ 36/22). സ്പെഷ്യൽ കംപോണന്റ് പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തിയാണ് 5 ലക്ഷം രൂപ ചെലവിട്ടിട്ടുള്ളത്. 1979 ൽ പ്ലാനിംഗ് കമ്മീഷൻ പട്ടികജാതി വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനാണ് പ്രത്യേക ഘടക പദ്ധതിയായി SCP ഫണ്ട് കൊണ്ടുവന്നിട്ടുള്ളത്. പദ്ധതിയുടെ/ഫണ്ടിന്റെ ലക്ഷ്യം നിറവേറ്റണമെങ്കിൽ പദ്ധതി സഹായം/നേട്ടം ലഭ്യമാകുന്ന ഗുണഭോക്താക്കളിൽ (ഇവിടെ വിദ്യാർത്ഥികൾ) ഭൂരിഭാഗവും പട്ടികജാതി വിഭാഗക്കാരാണെന്ന് ഉറപ്പിക്കുവാൻ കഴിയേണ്ടതുമുണ്ട്. എന്നാൽ ഈ ഉറപ്പാക്കൽ നടത്തിയിട്ടില്ല. ഫണ്ടിന്റെ വകമാറ്റം ക്രമവിരുദ്ധമാണ്.

2. വനിതാ ഘടക പദ്ധതികളായി 6 പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. 56,85,000/- രൂപ അടങ്കൽ തുകയായിരുന്നു. ഇതിൽ 94 % തുകയും ചെലവഴിച്ചിട്ടുണ്ട്. 29.01.2018 ലെ സ.ഉ. (കൈ) നം. 11/2018/തസ്വഭവ എന്ന ഉത്തരവിലെ ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ലക്ഷ്യമിടണമെന്ന് നിർദ്ദേശിക്കുന്ന തോടൊപ്പം വനിതകൾക്കും പുരുഷൻമാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്നും കൂട്ടിചേർക്കുന്നുണ്ട്. എന്നാൽ ഇത്തരം

മാനദണ്ഡങ്ങൾക്ക് വിരുദ്ധമായിട്ടാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

1) പശു വളർത്തൽ (വനിത)

2) ആട്ട വളർത്തൽ (വനിത)

3) പശു വളർത്തൽ (SC – വനിത)

4) ക്ഷീരസമൃദ്ധി (വനിത)

ഉൽപാദനാഷ്ഠിതവും സേവനാധിഷ്ഠതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ ആരംഭിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാതെ പോകുന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ആസൂത്രണം ചെയ്ത പദ്ധതിയായ "ജാഗ്രത സമിതി ശക്തിപ്പെടുത്തൽ" നടപ്പിലാക്കുവാൻ കഴിയാതെ പോയതും വീഴ്ചയാണ്.

3. വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനും വേണ്ടി ഒരു പദ്ധതി തയ്യാറാക്കേണ്ടതുണ്ട്. "പകൽവീട് നടത്തിപ്പ്" എന്ന പദ്ധതി മേൽ ഗണത്തിൽ പ്പെടുത്താവുന്നതാണെങ്കിലും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. വയോജനങ്ങൾക്കായുള്ള നാലു പദ്ധതികൾക്കായുള്ള 9,30,300/- രൂപയിൽ 31 % തുകയാണ് ചെലവഴിച്ചിട്ടുള്ളത്. വയോജനങ്ങൾക്ക് ശാരീരിക-മാനസിക, സാംസ്കാരിക, പിന്തുണ സംവിധാനവും സുരക്ഷിതത്വവും ഉറപ്പുവരുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ തയ്യാറാകേണ്ടതാണ്.

മേൽപറഞ്ഞ ആസൂത്രണത്തിലെ പിഴവുകൾ പരിഹരിക്കുന്നതിന് ഭരണ സമിതി കൈകൊണ്ട തീരുമാനങ്ങൾ, നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10241000 | 426 |
| വിധവാപെൻഷൻ | 35740300 | 1687 |
| വാർദ്ധക്യകാലപെൻഷൻ | 57610100 | 3267 |
| വികലാംഗപെൻഷൻ | 10581600 | 496 |
| വിവാഹധനസഹായം | 300000 | 10 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 887500 | 44 |
| തൊഴിൽരഹിത വേതനം | 3240 | 2 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിവരുന്നു

പരിശോധനയ്ക്ക് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| 1 | ചന്ദ്രികാദേവി (പൂവാർ ഗ്രാമപഞ്ചായത്ത്) | 540120945766 | 103020600328 | വിധവ പെൻഷൻ | 21.04.2021 | സസ്പെൻഡ് | 05/2021-09/21 | 8000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | എസ്.കൃഷ്ണൻ | 532934816856 | 102790100172 | കർഷക തൊഴിലാളി പെൻഷൻ | 15.04.2021 | ആക്ടീവ് | 05/2021-09/22 | 25600 |
| 3 | ശ്രീധരൻനായർ.ആർ | 576937957854 | 102790100469 | കർഷക തൊഴിലാളി പെൻഷൻ | 21.12 .2020 | ആക്ടീവ് | 01/2021-09/22 | 33600 |
| 4 | ശാന്ത എൽ (തിരുവനന്തപുരം കോർപറേഷൻ) | 886165880048 | 101670610688 | വിധവ പെൻഷൻ | 27.12.2020 | സസ്പെൻഡ് | 01/2021-04/22 | 25600 |
| 5 | രാജമ്മ സി (തിരുവനന്തപുരം കോർപറേഷൻ) | 631492011890 | 101670211039 | വാർദ്ധക്യകാല പെൻഷൻ | 22.12.2020 | സസ്പെൻഡ് | 01/2021-08/21 | 12800 |
| 6 | കൃഷ്ണമ്മ | 327108060888 | 102790100604 | കർഷക തൊഴിലാളി പെൻഷൻ | 06.01.2021 | ആക്ടീവ് | 02/2021-09/22 | 32000 |
| 9 | ഓമന അമ്മ എസ് | 765428150342 | 102790101082 | കർഷക തൊഴിലാളി പെൻഷൻ | 26.01.2021 | ആക്ടീവ് | 02/2021-09/22 | 32000 |
| 10 | വിശാലാക്ഷി അമ്മ (തിരുവനന്തപുരം കോർപറേഷൻ) | 917474839467 | 101670208662 | വാർദ്ധക്യകാല പെൻഷൻ | 23.09.2020 | ആക്ടീവ് | 10/2020-09/22 | 38400 |
| 11 | റ്റി.എ.ആസ്റ്റിൻ | 652549451979 | 102790200455 | വാർദ്ധക്യകാല പെൻഷൻ | 19.09.2020 | ആക്ടീവ് | 10/2020-09/22 | 38400 |
| 12 | കെ പ്രഭാകരൻ | 494539745341 | 102790202986 | വാർദ്ധക്യകാല പെൻഷൻ | 19.01.2021 | ആക്ടീവ് | 02/2021-09/22 | 32000 |
| 13 | സാറാൾ ജെ (തിരുവനന്തപുരം കോർപറേഷൻ) | 884813464723 | 102730500019 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 17.02.2021 | സസ്പെൻഡ് | 03/2021-09/21 | 11200 |
| 14 | സരോജം ആർ - | 432315129160 | 102790201819 | വാർദ്ധക്യകാല പെൻഷൻ | 22.03.2021 | ആക്ടീവ് | 04/2021-09/22 | 28800 |
| 15 | കാർത്തികേയൻ വി (വെള്ളറട ഗ്രാമപഞ്ചായത്ത്) | 594727783080 | 102890204839 | വാർദ്ധക്യകാല പെൻഷൻ | 26.01.2021 | ആക്ടീവ് | 02/2021-09/22 | 32000 |
| | ആകെ | | | | | | | 350400 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.19ന് സേവന സിവിൽ രജിസ്ട്രേഷൻ എന്ന സോഫ്റ്റ്‌വെയർ സേവന പെൻഷൻ സോഫ്റ്റ്‌വെയറുമായി ഇന്റർ ഓപറബിലിറ്റി എന്ന സംവിധാനം ഇല്ലാത്തതിനാൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണം പെൻഷൻ ഗുണഭോക്താവിന്റേതാണെങ്കിൽ സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല. കൂടാതെ പെൻഷൻ സോഫ്റ്റ്‌വെയർ സൈറ്റ് എപ്പോഴും ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന വേളയിൽ തന്നെ ആധാർ നമ്പറുമായി ഒത്തുനോക്കി പെൻഷൻ ഡി.ബി.റ്റി സോഫ്റ്റ്‌വെയറിൽ നിന്നും നീക്കം ചെയ്യുന്നതിനും പഞ്ചായത്തിന് സാധിക്കുന്നില്ല. ഇത്തരത്തിലുള്ള സാങ്കേതിക സോഫ്റ്റ്‌വെയർ പരിമിതികൾ കാരണമാണ് ഇത് സംഭവിച്ചിട്ടുള്ളത് എന്നും മലയിൻകീഴ് ഗ്രാമപഞ്ചായത്തിലെ വ്യക്തികളുടെ പെൻഷൻ സേവന സോഫ്റ്റ്‌വെയർ ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സസ്പെൻഡ് ചെയ്ത് ടി വ്യക്തികളുടെ അക്കൗണ്ടിലേയ്ക്ക് നൽകിയ അധിക തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അനർഹമായി നൽകിയ 350400/- രൂപ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട, എന്നാൽ മറ്റു തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

## 1-6 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10/11/22 | 2022-23 | 10/11/22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1/10/18 മുതൽ 7/10/18 വരെ | 2016 -17മുതൽ2017-18 വരെ | 27/11/2018 |

## 1-7 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമ പഞ്ചായത്തിന്റെ 2021-2022 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 25.11.202022 തീയ്യതിയിൽ പകൽ 02:30 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 90795/-

രൂപ നീക്കിയിരിപ്പിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2237 | 1010654 | 1012891 | 1012046 | 845 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 55306630 | 55306630 | 55306630 | - |
| ആകെ | | 56317284 | 56319521 | 56318676 | 845 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.

2)ഓഫീസ് മീറ്റിംഗ് എല്ലാ മാസവും കൂടുന്നുണ്ട്. മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

3)റിവ്യൂ മീറ്റിംഗുകൾ കൂടിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4)ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്.

5) പൗരാവകാശ രേഖ 2021-22 ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

6) 2021-22 ലെ വാങ്ങൽ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രോക്യൂർമെന്റ് കമ്മിറ്റി മീറ്റിംഗുകൾ കൂടിയിട്ടുണ്ട്.

7) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

9) വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

10) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

11)ഗ്രാമപഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി കുടിശ്ശിക രഹിതമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 കെട്ടിട നികുതി കുടിശ്ശിക തുക 32,46,784/- രൂപ

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന 2021-22 കാലയളവിൽ കെട്ടിട നികുതി ഇനത്തിലെ കുടിശ്ശിക വിവരങ്ങൾ പരിശോധിച്ചതിൽ 32,46,784/- രൂപ മലയിൻകീഴ് പഞ്ചായത്തിന് കിട്ടുവാനുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ലഭിക്കേണ്ട തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | | കെട്ടിട നികുതി | | | കെട്ടിട നികുതി | | |
|---|---|---|---|---|---|---|---|
| വാർഡ് നം. | വാർഡിന്റെ പേര് | ഡിമാന്റ് തുക | ലൈബ്രറി സെസ്സ് | ആകെ | പിരിച്ചെടുത്ത തുക | ലൈബ്രറി സെസ്സ് | ആകെ |
| 1 | മഞ്ചാടി | 1317357 | 66999 | 1384356 | 1036603 | 52403 | 1089006 |
| 2 | ശ്രീകൃഷ്ണപുരം | 881110 | 44834 | 925944 | 653618 | 33104 | 686722 |
| 3 | അരുവിപ്പാറ | 380322 | 19396 | 399718 | 345893 | 17580 | 363473 |
| 4 | മാവോട്ടുകോണം | 523404 | 26779 | 550183 | 213957 | 10897 | 224854 |
| 5 | ചിറ്റിയൂർകോട് | 331535 | 17083 | 348618 | 167142 | 8501 | 175643 |
| 6 | മലയിൻകീഴ് | 662600 | 33891 | 696491 | 396096 | 20059 | 416155 |
| 7 | മേപ്പൂക്കട | 418050 | 21481 | 439531 | 236877 | 12030 | 248907 |
| 8 | അന്തിയൂർക്കോണം | 378630 | 19354 | 397984 | 225670 | 11458 | 237128 |
| 9 | ബ്ലോക്ക് ഓഫീസ് | 309529 | 15888 | 325417 | 182772 | 9312 | 192084 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | ഗോവിന്ദമംഗലം | 291291 | 14972 | 306263 | 194661 | 9940 | 204601 |
| 11 | മറുകിൽ പെരുമന | 295793 | 15203 | 310996 | 246176 | 12553 | 258729 |
| 12 | അരുവാകോട് | 350898 | 18258 | 369156 | 208507 | 10668 | 219175 |
| 13 | വെളിയറത്തല | 310503 | 16073 | 326576 | 215157 | 10979 | 226136 |
| 14 | കന്നംപാറ | 245216 | 12611 | 257827 | 139650 | 7137 | 146787 |
| 15 | മച്ചേൽ | 378811 | 19468 | 398279 | 328893 | 16727 | 345620 |
| 16 | അണപ്പാട് | 372515 | 19163 | 391678 | 279454 | 14245 | 293699 |
| 17 | മണപ്പുറം | 365019 | 18860 | 383879 | 243442 | 12400 | 255842 |
| 18 | കോവില്ലവിള | 238710 | 12182 | 250892 | 238420 | 12165 | 250585 |
| 19 | ഓഫീസ് വാർഡ് | 747724 | 38207 | 785931 | 505641 | 25697 | 531338 |
| 20 | തച്ചോട്ടുകാവ് | 968596 | 49529 | 1018125 | 622992 | 31584 | 654576 |
| | ആകെ | 9767613 | 500231 | 10267844 | 6681621 | 339439 | 7021060 |

## 1-11 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

### 1-11-1 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഒരു പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 2/277A | George, George Bhavan |
| 2 | 2/754A | Sobhana Kumari, Krishna Vilasam |
| 3 | 1/321A | Chandran, Viji Bhavan |
| 4 | 4/107A | Manoharan / Radhika, Chithira House |
| 5 | 4/315B | N Krishnan Nair, Manasam |
| 6 | 5/341B | Vijayaraj, Sandhya Bhavan |
| 7 | 10/35B | Simon/ Valsala, V S Bhavan |
| 8 | 10/62 | Krishnamma, Krishnavilasam |
| 9 | 10/237A | Gireesh Babu, Eshalikode |
| 10 | 10/432B | Maniyan, Punnakalaputhen Veedu |
| 11 | 9/386A | Remya, R S Nivas |

ബി) ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ച

ജി.ഒ(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വ ഭവ, തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 6/57 | L Sudhakumari, Kailasam |
| | 6/66 | L Sudhakumari, Kailasam |
| | 6/59 | L Sudhakumari, Kailasam |
| 2 | 4/294 | Krishnankutty,Sulochana, Sulochana Bhavan |
| | 4/293 | Krishnankutty,Sulochana, Sulochana Bhavan |
| 3 | 3/415 | Rajayyan, Koothacode Mekkumkara Puthen Veedu |
| | 3/415A | Rajayyan, Koothacode Mekkumkara Puthen Veedu |
| 4 | 3/555 | Divya.B.J, Gourisankaram,Manchadi |
| | 3/556 | Divya.B.J, Gourisankaram,Manchadi |
| 5 | 2/683 | Geetha, Vadakkevilakam |
| | 2/683A | Geetha, Vadakkevilakam |
| 6 | 2/270 | Vijaya Kumar, Kumara Mangalam |
| | 2/270A | Vijaya Kumar, Kumara Mangalam |
| 7 | 10/171 | Thankamani, Chamavila Veedu |
| | 10/171A | Thankamani, Chamavila Veedu |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-11-2 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത

കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 207(1) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഉടമസ്ഥൻ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 7/166 | ഡെന്നിസൻ, വീട്ടടിവിളാകം, മൈലോട് |
| | 7/178 | ഡെന്നിസൻ, വീട്ടടിവിളാകം, മൈലോട് |
| | 7/180 | ഡെന്നിസൻ, വീട്ടടിവിളാകം, മൈലോട് |
| | 7/181 | ഡെന്നിസൻ, വീട്ടടിവിളാകം, മൈലോട് |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹമായി നികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതും തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11-3 ഇളവ് കാലാവധി കഴിഞ്ഞും നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല- തനത് വരുമാനങ്ങൾ കുറവ് സംഭവിക്കുന്നു.

വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ അനുവദിച്ചിരുന്ന ഇളവ് കാലാവധി അവസാനിച്ചതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങളുടെ നികുതി കാലാവധി കഴിഞ്ഞും ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | പേര്, വിലാസം | സഞ്ചയ പ്രകാരം ഇളവ് അവസാനിച്ചത് |
|---|---|---|---|
| 1 | 1/699A | ചിത്ര.എ.എസ്,ശ്രീനിലയം,തച്ചോട്ടുകാവ്,മലയിൻകീഴ്, | 2016 Second Half |
| 2 | 1/789 | സന്തോഷ് കുമാർ, കമലസുധ,കാവുവിള തച്ചോട്ടുകാവ് | 2016 Second Half |
| 3 | 12/241 | ജയചന്ദ്രൻ,രാമകൃഷ്ണമന്ദിരം,തുമ്പോട്ടുകോണം,ഊരൂട്ടമ്പലം, | 2016 Second Half |
| 4 | 12/286 | ഗിരീഷ് കുമാർ ജെ എസ്,കലാഭവൻ,മറുകിൽ, തുമ്പോട്ടുകോണം,ഊരൂട്ടമ്പലം | 2017 Second Half |
| 5 | 15/99 | വിനോദ്,ഈരച്ചോട്ടുകോണം പടിപ്പുര വീട്,,മച്ചേൽ | 2014 First Half |
| 6 | 15/126 | എസ്.ഉണ്ണികൃഷ്ണൻ,ശ്രീമന്ദിരം,,മച്ചേൽ | 2016 Second Half |
| 7 | 15/206 | പി.ശാന്തകുമാരി അമ്മ,ശശിധരം,മച്ചേൽ,മച്ചേൽ | 2016 Second Half |
| 8 | 15/364 | വി.എസ് കുമാരിതങ്കം ,കാർത്തിക,മച്ചേൽ | 2017 Second Half |
| 9 | 15/548 | വിശ്വനാഥൻ നായർ,ഉഷാഭവൻ,ശിവജിപുരം. മച്ചേൽ,മച്ചേൽ, | 2015 Second Half |
| 10 | 15/584A | രാജശേഖരൻനായർ .എസ്,കൈലാസ്,ശിവജിപുരം,മച്ചേൽ | 2016 Second Half |
| 11 | 17/164 | ഷീജ ആർ ഗോപിനാഥ്,ശ്രീനന്ദനം,മണപ്പുറം,മലയിൻകീഴ് | 2016 Second Half |
| 12 | 18/14 | എൻ.സോമൻ നായർ,കുന്നംപുറത്തുവീട്,ശാന്തുംമൂല,മച്ചേൽ | 2014 Second Half |
| 13 | 18/407 | എം.ചന്ദ്രശേഖരൻ നായർ,കോവിലുവിള വീട്,മച്ചേൽ | 2016 Second Half |
| 14 | 19/171 | കേശവൻ നായർ,വിജയസദനം, | 2016 Second Half |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.29 ന് സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതിയിളവ് അവസാനിക്കുന്ന കാലാവധി തെറ്റായി രേഖപ്പെടുത്തിയതാണെന്നും ഡാറ്റ പ്യൂരിഫിക്കേഷൻ അൺലോക്ക് ചെയ്യുന്ന മുറയ്ക്ക് നികുതിയിളവ് അവസാനിക്കുന്ന തീയതി ശരിയായി അപ്ഡേറ്റ് ചെയ്ത് അപാകത പരിഹരിക്കുന്നതാണെന്നും മറുപടി നൽകി. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി-തനതു വരുമാനം ഉയർത്തുന്നതിൽ വീഴ്ച-പരിഹരിക്കപ്പെടണം

തൊഴിൽ, സ്ഥാപന നികുതിയെന്നത് പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ പ്രധാന സ്രോതസ്സാണ്. നികുതി നൽകേണ്ട സ്ഥാപനങ്ങളുടെയും, വ്യക്തികളുടെയും പൂർണ്ണ വിവരം സൂക്ഷിക്കാൻ കഴിയാത്തതും നികുതികൾ കൃത്യമായി പിരിച്ചെടുക്കുവാൻ കഴിയാത്തതും വലിയ വീഴ്ചയാണ്. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) തൊഴിലുടമകൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതായ് കാണുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(എഫ് ) പ്രകാരം ഓരോ വർഷവും ഓഗസ്റ്റ്, ഫെബ്രുവരി മാസം അവസാനിക്കുന്നതിനു മുൻപായി ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തി, അവരിൽ നിന്ന് തുക ഈടാക്കി, നികുതി അടക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരും ഉൾപ്പെട്ടുവെന്ന സാക്ഷ്യപത്രത്തോടുകൂടി ജീവനക്കാരുടെ ലിസ്റ്റ് പഞ്ചായത്തിൽ നൽകേണ്ടതുണ്ട്. ഇതിനു മുന്നോടിയായി പഞ്ചായത്ത് ഓഫീസ് മേധാവിക്ക്/തൊഴിലുടമകൾക്ക് ഡിമാന്റ് നോട്ടീസ് നൽകേണ്ടതുണ്ട്. തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം കാണിക്കുന്ന റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫാറം 4 ൽ നോട്ടീസ് നൽകണമെന്ന് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 A അനുശാസിക്കുന്നുണ്ട്. നോട്ടീസ് നൽകുന്നതിന് ഗ്രാമപഞ്ചായത്തിന്റെ കൈവശം അങ്ങനെയുള്ള കമ്പനികളുടെ/ഓഫീസുകളുടെ /വ്യക്തികളുടെ വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരമൊരു ലിസ്റ്റിന്റെ അഭാവത്തിൽ പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയക്കുവാൻ കഴിഞ്ഞിട്ടില്ല.

2) രജിസ്റ്ററിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളും നികുതി അടവാക്കിയിട്ടില്ല.

2021 രജിസ്റ്ററിൽ 80 സ്ഥാപനങ്ങൾ ഉൾപ്പെട്ടു കാണുന്നു. ഇവയിൽ ചില സ്ഥാപനങ്ങൾ നികുതി അടവാക്കിയതായി കാണുന്നില്ല.

ഉദാ.മുത്തൂറ്റ് മിനി ഫിനാൻസ് Ltd (IInd Half)

മാതാ ഐ ഹോസ്പിറ്റൽ (I &IInd Half)

Instakarta Services Pvt Ltd (IInd Half)

3) നികുതി ഓൺലൈൻ മുഖേന അടവാക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

തൊഴിൽ നികുതി, ചില സ്ഥാപനങ്ങൾ ഓൺലൈൻ മുഖേന അടവാക്കുകയും ആ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ക്രമപരമല്ല.

ഉദാ.വില്ലേജ് ഓഫീസ്, മലയിൻകീഴ്

4) അർദ്ധ വർഷങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിലെ വ്യത്യാസങ്ങൾ വിലയിരുത്തപ്പെടുന്നില്ല.

ഓരോ അർദ്ധ വർഷങ്ങളിലും തൊഴിലുടമ ഹാജരാക്കുന്ന ജീവനക്കാരുടെ ലിസ്റ്റിൽ കഴിഞ്ഞ ലിസ്റ്റിൽ നിന്ന് ജീവനക്കാരുടെ എണ്ണം കൂടുതലായോ കുറവായോ കാണുന്നുണ്ട്. ഇതിനനുസരിച്ചാണ് തുക ലഭ്യമാകുന്നത്. എന്നാൽ രേഖകൾ പരിശോധിച്ച് ഇതിനുള്ള കാരണം മനസിലാക്കുവാൻ പഞ്ചായത്ത് തയ്യാറായിട്ടില്ല.

ഉദാ. Easter Candiments Pvt Ltd 11 ൽ നിന്ന് 9

Beverage Corporation 13 ൽ നിന്ന്12

Good Shepherd UPS 20 ൽ നിന്ന് 24

5) രജിസ്റ്റർ കാലികമല്ല

ഓഡിറ്റിനായി ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി ലഭ്യമാക്കിയ സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ നികുതി ലഭ്യമാക്കേണ്ട മുഴുവൻ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല.

ഉദാ.മലയിൻകീഴ് ദേവസ്വം സബ് ഗ്രൂപ്പ് (തിരുവിതാംകൂർ ദേവസ്വം ബോർഡ്)

എസ്.കെ.ഹോസ്പിറ്റൽ, മഞ്ചാടി വാർഡ്

പാലിയേറ്റീവ് കെയർ നഴ്സ്

പാലിയേറ്റീവ് കെയർ ഡ്രൈവർ

6) തൊഴിൽ നികുതി അടവാക്കേണ്ട വ്യക്തികളുടെ വിവരം സൂക്ഷിക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ ചെയ്ത കരാറുകാർ, പ്രൈവറ്റ് പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ആദായം ലഭിക്കുന്ന കൃഷിക്കാർ,വാടക വാഹനങ്ങൾ/സ്റ്റേജ് കരിയറുകൾ/ചരക്കുവണ്ടികൾ ഓടിക്കുന്നതിനുള്ള അനുമതി കൈവശമുള്ളവർ, തുടങ്ങി ചട്ടങ്ങളിൽ പറയുന്ന വ്യക്തികളുടെ വിവരം സൂക്ഷിക്കുന്നില്ല. ഇത്തരം വ്യക്തികളുടെ വിവരം സൂക്ഷിക്കുന്നുണ്ടെന്ന് സെക്രട്ടറി മറുപടിയിൽ പറയുന്നുണ്ടെങ്കിലും ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററിൽ കാണാൻ കഴിഞ്ഞിട്ടില്ല.

തനതു വരുമാനവുമായി ബന്ധപ്പെട്ട മേൽ വസ്തുതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ സെക്രട്ടറിയുടെ മറുപടിയിൽ പ്രൊഫഷണലുകളിൽ നിന്ന് നികുതി ഈടാക്കാനുള്ള 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ നിർദ്ദേശം നിലവിൽ സർക്കാർ മരവിപ്പിച്ചിരിക്കുകയാണെന്ന് പറയുന്നുണ്ട്. ഈ മരവിപ്പിക്കലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചട്ടങ്ങൾക്കുപരിയായിട്ടുള്ള സർക്കാർ ഉത്തരവുകൾക്ക് സാധുതയില്ലാത്തതിനാൽ തൊഴിൽ നികുതി ചട്ടങ്ങളിലെ 25 ചട്ടങ്ങളും അനുസൃതമാക്കി പ്രവർത്തിച്ച് തനതു വരുമാനം ഉയർത്തുവാൻ സാധിക്കേണ്ടതുണ്ട്.

മേൽ വസ്തുതകൾക്കു മേൽ ഭരണ സമിതി സ്വീകരിക്കുന്ന നടപടികൾ യഥാസമയം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-13 ആയുർവേദ മരുന്നുകളുടെ വിതരണം -മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല

വിവിധ ആയുർവ്വേദ മരുന്നുകളുടെ വിതരണത്തിനായി തുക കൈമാറുകയും കാലയളവ് വ്യക്തമാക്കി കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും കരാറിൽ വ്യക്തമാക്കിയിട്ടുള്ള 60 ദിവസ സമയപരിധി കഴിഞ്ഞാണ് ഭൂരിഭാഗം മരുന്നുകളും ലഭ്യമായിട്ടുള്ളത്. വിശദാംശങ്ങൾ താഴെ.

പദ്ധതി നമ്പർ: 5

പദ്ധതിയുടെ പേര്: ഗവർമെന്റ് ഡിസ്പെൻസറി മലയിൻകീഴ് – മരുന്ന് വാങ്ങൽ

അടങ്കൽ തുക: 7,00,000/-

ചെലവ് തുക: 7,00,000/-

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി: 4/2021-'22, 31.05.2021
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

മേൽ വിവരിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നുകളുടെ വില 7,00,000 രൂപ 31.05.2021 ൽ ഔഷധിക്ക് നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 26.02.2022 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| നം. | ബിൽ നം. | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|---|
| 01 | 90214910 | 30.06.2021 | 5,52,755/- | 15.07.2021 |
| 02 | 90218948 | 30.07.2021 | 74,859/- | 09.08.2021 |
| 03 | 90221965 | 30.8.2021 | 11,592/- | 02.09.2021 |
| 04 | 90225851 | 28.09.2021 | 14,754/- | 09.10.2021 |
| 05 | 90229528 | 28.10.2021 | 7,169/- | 08.11.2021 |
| 06 | 90234152 | 26.11.2021 | 8,930/- | 29.12.2021 |
| 07 | 90238229 | 27.12.2021 | 13,205/- | 28.01.2022 |
| 08 | 90241746 | 19.01.2022 | 16,736/- | 26.02.2022 |
| | | ആകെ | 7,00,000/- | |

B.
പദ്ധതി നമ്പർ: 309
പദ്ധതിയുടെ പേര്: ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക: 2,00,000/-
ചെലവ് തുക: 2,00,000/-
ഫണ്ടിനം: മെയിൻ്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി: 6/2021-'22, 24.02.2022
മേൽ വിവരിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നുകളുടെ വില 2,00,000 രൂപ 24.02.2022 ൽ ഔഷധിക്ക് നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 16.07.2022 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| നം. | ബിൽ നം. | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|---|
| 01 | 90252325 | 26.03.2022 | 70,659/- | 23.04.2022 |
| 02 | 90257208 | 24.05.2022 | 21,312/- | 25.05.2022 |
| 03 | 90262696 | 29.06.2022 | 1,08,029/- | 16.07.2022 |
| | | ആകെ | 2,00,000/- | |

പദ്ധതി നമ്പർ: 6
പദ്ധതിയുടെ പേര്: ആയുഷ് ആയുർവേദ പി.എച്ച്.സി.എൻ.എച്ച്.എം.ന് മരുന്ന് വാങ്ങൽ
അടങ്കൽ തുക: 5,00,000/-
ചെലവ് തുക: 5,00,000/-
ഫണ്ടിനം: മെയിൻ്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി: 3/2021-'22, 31.05.2021
മേൽ വിവരിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നുകളുടെ വില 5,00,000 രൂപ 31.05.2021 ൽ ഔഷധിക്ക് നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 06.11.2021 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്

| നം. | ബിൽ നം. | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 01 | 90214906 | 30.06.2021 | 4,10,700/- | 16.07.2021 |
| 02 | 90218947 | 30.07.2021 | 50,738/- | 09.08.2021 |
| 03 | 90221966 | 30.08.2021 | 21,515/- | 30.08.2021 |
| 04 | 90225850 | 28.09.2021 | 13,711/- | 28.09.2021 |
| 05 | 90231258 | 06.11.2021 | 3,336/- | 06.11.2021 |
| | | ആകെ | 5,00,000/- | |

D.
പദ്ധതി നമ്പർ: 202
പദ്ധതിയുടെ പേര്: കോവിഡ് പ്രതിരോധത്തിനായി മരുന്ന് വാങ്ങൽ
അടങ്കൽ തുക: 1,50,000/-
ചെലവ് തുക: 1,50,000/-
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി: 5/2021-'22, 22.06.2021
മേൽ വിവരിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്നുകളുടെ വില 1,50,000 രൂപ 22.06.2021 ൽ ഔഷധിക്ക് നൽകിയെങ്കിലും ചുവടെ ചേർക്കും പ്രകാരം 29.12.2021 ൽ ആണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| നം. | ബിൽ നം. | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|---|
| 01 | 90215020 | 30.06.2021 | 40,529/- | 30.06.2021 |
| 02 | 90219077 | 30.07.2021 | 14,150/- | 09.08.2021 |
| 03 | 90222079 | 30.08.2021 | 1,911/- | 02.09.2021 |
| 04 | 90225941 | 28.09.2021 | 3,714/- | 09.10.2021 |
| 05 | 90229651 | 28.10.2021 | 38,327/- | 08.11.2021 |
| 06 | 90234174 | 26.11.2021 | 51,369/- | 29.12.2021 |
| | | ആകെ | 1,50,000 | |

നിർവ്വഹണ ഉദ്യോഗസ്ഥനും ഔഷധിയുമായി ഏർപ്പെട്ട കരാറിന്റെ ഒന്നാമത്തെ നിബന്ധന പ്രകാരം വില നൽകി 60 ദിവസത്തിനകം പൂർണ്ണമായും വിതരണം ചെയ്യുമെന്നും അല്ലാത്തപക്ഷം നഷ്ടോത്തരവാദിത്വം ഔഷധി വഹിക്കുമെന്നുമാണ്. അവശ്യ സേവനമായ ആരോഗ്യരംഗത്ത് മരുന്നുകളുടെ ലഭ്യത യഥാസമയം നടക്കുന്നുണ്ടെന്ന് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മകമായ ഇടപെടലിലൂടെ ഉറപ്പാക്കേണ്ടതാണ്.

## 1-14 ലോഗ് ബുക്ക് പരിപാലിക്കുന്നതിൽ അപാകത

പദ്ധതി നമ്പർ : 131
പദ്ധതിയുടെ പേര് : പാലിയേറ്റീവ് കെയർ
അടങ്കൽ : 11,00,000/- വികസനഫണ്ട്
ചെലവ് : 9,11,841/-

മേൽ സൂചിപ്പിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് നൽകിയ ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകളിൽ അപാകതയുണ്ട്.

1. വാഹനത്തിന്റെ ലോഗ്ബുക്കിൽ വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടില്ല

2. വാഹനത്തിന്റെ മൈലേജ് സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിട്ടില്ല.
3. ഇന്ധനം നിറയ്ക്കുന്ന അളവ് സംബന്ധിക്കുന്ന കാര്യങ്ങൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. പേജ് നമ്പർ 21 ൽ രേഖപ്പെടുത്തലുകൾ റദ്ദ് ചെയ്തത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയില്ല.

5. 25.03.2021 ന് 22.93 ലിറ്റർ ഡീസൽ രണ്ടായിരം രൂപയ്ക്ക് നിറച്ചിട്ടുണ്ട്. എന്നാൽ അന്നേ ദിവസത്തെ യാത്ര ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

6. ചെലവ് രേഖകൾക്കൊപ്പം സമർപ്പിച്ചിരിക്കുന്ന വാഹന ഇന്ധന ചെലവിന്റെ സ്റ്റേറ്റ്മെന്റുകളിൽ വാഹന നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ധനകാര്യവകുപ്പിന്റെ സർക്കുലർ നം.41/208/ ധനം.തീയതി 02/08/2008 എന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 1-15 കൃഷി ഓഫീസറുടെ പദ്ധതികൾ - അവലോകനം

2021-22 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ മുഖേന നടപ്പിലാക്കിയ 14 പദ്ധതികളിൽ, ചിലതിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് കൃഷിക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. അത്തരം പദ്ധതികളുടെ നടത്തിപ്പ് ഫയലുകളുടെ പരിശോധനയിൽ താഴെ ചേർക്കുന്ന അപാങ്ങൾ കാണുന്നു.

1. ഇൻവോയ്സ് തുകകളെ നിജപ്പെടുത്തി നൽകിയ വൗച്ചറുകൾക്ക് നടപടിക്രമം തയ്യാറാക്കിയിട്ടില്ല.

സമഗ്ര പുരയിട കൃഷി (പ്രോജക്ട് നം.164) എന്ന പദ്ധതിയുടെ നടത്തിപ്പിൽ ലഭ്യമായ 08.12.2021-ലെ X-539/2021'-22 എന്ന ഇൻവോയ്സിലെ തുക 321125 ആണെങ്കിലും ബ്ലോക്ക് വിഹിതം ഒഴിവാക്കി തുക നിജപ്പെടുത്തി ആദ്യഘട്ടത്തിൽ തുക മാറുകയും പിന്നീട് 'നടപടിക്രമം'തയ്യാറാക്കാതെ അതേ ഇൻവോയ്സിന്റെ പകർപ്പ് ട്രഷറിയിൽ ഹാജരാക്കി ബാക്കി തുക മാറുകയും ചെയ്തു. ഇത് ക്രമപ്രകാരമല്ല. ബില്ലിന്റെ പകർപ്പ് ഉപയോഗപ്പെടുത്തുമ്പോൾ ഓഫീസ് നടപടിക്രമം തയ്യാറാക്കി നൽകുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2. ഗുണഭോക്തൃവിഹിതം പഞ്ചായത്ത് ഫണ്ടിൽ ശേഖരിച്ച് വിനിയോഗം നടത്തുന്ന പദ്ധതികൾ ആവിഷ്കരിക്കണം

പ്രോജക്ട് നം.127 (വാഴകൃഷി) എന്ന പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 528750/- രൂപയും ഗുണഭോക്തൃ വിഹിതമായി 101250/- രൂപയും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. വാഴ കൃഷിക്കാവശ്യമായ ജൈവവളം കേരള അഗ്രോ ഇൻഡസ്ട്രിയിൽ നിന്ന് ലഭ്യമാകുന്ന അവസരത്തിൽ ഗുണഭോക്താക്കൾ വിഹിതം നേരിട്ട് നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലെ സുതാര്യത ഇല്ലായ്മയുള്ള സാധ്യത ഒഴിവാക്കുന്നതിന് ഭാവിയിൽ ഇത്തരം പദ്ധതികളിലെ ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് ഫണ്ടിൽ ശേഖരിച്ച് ഇത്തരം സ്ഥാപനങ്ങൾ കൈമാറുന്നതിന് തയ്യാറാകണം.

## 1-16 ഹോമിയോ മരുന്നുകൾ ഒരു വർഷത്തിലധികം കാലം വൈകി വിതരണം

പദ്ധതി നമ്പർ:94
പദ്ധതിയുടെ പേര്: ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക: 5,00,000/-
ചെലവ് തുക:5,00,000/-
ഫണ്ടിനം:മെയിന്റനൻസ് ഫണ്ട്
ബിൽ നമ്പർ, തീയതി:1/2021-22,08.09.2021

ഹോമിയോ മരുന്നുകളുടെ വിലയായ 5,00,000 രൂപ 08.09.2021 ൽ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം കേരള സംസ്ഥാന ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും ഒരു വർഷത്തിലധികം സമയം കഴിഞ്ഞ് 11.11.2022 ൽ മാത്രമാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ക്രമ നം. | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 01 | എൽ.എഫ്. 921 | 11.08.2020 | 71,759/- |
| 02 | എൽ.എഫ്. 2566 | 03.03.2022 | 1,10,245/- |
| 03 | എൽ.എഫ്. 325 | 13.07.2022 | 1,58,790/- |

| | | | |
|---|---|---|---|
| 04 | എൽ.എഫ്. 920 | 03.11.2022 | 1,48,025/- |
| 05 | എൽ.എഫ്. 994 | 11.11.2022 | 11,181/- |
| | ആകെ | | 5,00,000/- |

മരുന്ന് വിതരണക്കാരായ ഹോംകോയുമായി കരാറിൽ ഏർപ്പെട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥനും, മരുന്ന് വിതരണക്കാരും തമ്മിൽ ചമയ്ക്കേണ്ടതാണ്. എന്നാൽ മാത്രമേ മരുന്ന് വിതരണത്തിലെ ന്യൂനതകൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

## 1-17 ധ്വനി - ശ്രുവണ സഹായി വിതരണം - പട്ടികയിൽ ഇല്ലാതിരുന്ന വ്യക്തിക്ക് പദ്ധതി സഹായം നൽകി

പദ്ധതി നമ്പർ:137

പദ്ധതിയുടെ പേര്: ധ്വനി - ശ്രുവണ സഹായി

അടങ്കൽ തുക:1,01,000/-

ചെലവ് തുക:1,00,765/-

ഫണ്ടിനം: വികസന ഫണ്ട് :50,000/-, തനത് ഫണ്ട്:50,765/-

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

മേൽ വിവരിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോൺ എന്ന സ്ഥാപനത്തിൽ നിന്നും 16 ശ്രുവണ സഹായികൾ ഇൻവോയ്സ് നമ്പർ 9, തീയതി 18.01.2022 പ്രകാരം 96,000 രൂപയ്ക്ക് (6,000/- X 16 =96,000) വാങ്ങിയിട്ടുണ്ട്. എന്നാൽ 15 പേർക്കാണ് ശ്രുവണ സഹായികൾ വിതരണം ചെയ്തിരിക്കുന്നത്.

ഈ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് (നം.5/24.11.2022) മറുപടിയായി ഗുണഭോക്താവ് മരണപ്പെട്ടതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്നും ശ്രുവണ സഹായി വേറൊരാളെ ജനറൽ ആശുപത്രിയിൽ ശ്രുവണ പരിശോധനയ്ക്ക് വിധേയനാക്കി ശ്രുവണ സഹായി നൽകിയെന്നുമാണ്. എന്നാൽ ഗുണഭോക്തൃ പട്ടികയിൽ വേറെ ആളുകൾ ഉണ്ടായിരിക്കുമ്പോൾ പട്ടികയിൽ ഇല്ലാതിരുന്ന വ്യക്തിക്ക് പദ്ധതി സഹായം നൽകുകയുണ്ടായി. ഗുണഭോക്തൃ പട്ടികയിൽ ഇല്ലാതിരുന്ന വ്യക്തിക്ക് ശ്രുവണസഹായി നൽകിയതിന്റെ മാനദണ്ഡം അറിയിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്തൃ പട്ടികയിലെ ആളുകൾക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു.

## 1-18 ഇ-ടെണ്ടർ നടപടികളിലൂടെ ലഭ്യമാകുന്ന വരുമാനം - പഞ്ചായത്ത് ഫണ്ടിൽ എത്തിക്കേണ്ടതാണ്

ഇ-ടെണ്ടർ ചെയ്യുന്ന പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈൻ ആയി കരാറുകാർ അടവാക്കുന്ന തുക പഞ്ചായത്തിന്റെ തനത് വരുമാനത്തിൽപ്പെടുന്നതാണ്. എല്ലാ പഞ്ചായത്തുകളും തങ്ങളുടെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് വിവരം ഈ ആവശ്യത്തിലേയ്ക്കായി ഇ-ടെണ്ടർ പോർട്ടലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതിനായി 02.10.17 ലെ സ.ഉ. (സാധാ) 3186/2017/തസ്വഭവ ഉത്തരവ് നിർദ്ദേശ പ്രകാരം SBI ൽ അക്കൗണ്ട് തുടങ്ങാവുന്നതാണ്. ഇ-ടെണ്ടർ നടപടികളിലൂടെ പഞ്ചായത്തിന് ലഭ്യമായ വരുമാനം അറിയുന്നതിനായി ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 28 നൽകിയതിന്റെ മറുപടിയായി "ഇ-ടെണ്ടർ പ്രക്രിയയിൽ ലഭ്യമാകുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയതുൾപ്പെടെ യാതൊരു രേഖകളും ഈ ഓഫീസിൽ ലഭ്യമല്ല" എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. നിരുത്തരവാദിത്തതോടെയുള്ള ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ നാളിതുവരെ പഞ്ചായത്തിന് ലഭ്യമാകേണ്ട തുക കണ്ടെത്തി കൈമാറുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം അടിയന്തിര ഇടപെടലുകൾ നടത്തേണ്ടതാണ്. നടപടികൾ താഴെ പറയും വിധം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| വർഷം | ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ എണ്ണം | ലഭ്യമായ തുക | അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ എത്തിയ മാസം & വർഷം | പഞ്ചായത്തിന് കൈമാറിയ തീയതി |

## 1-19 ടേക്ക്-എ-ബ്രേക്ക് പബ്ലിക്ക് ടോയ്‌ലെറ്റ് സംവിധാനം - വിശദാംശങ്ങൾ ഹാജരാക്കണം

കേരളത്തിൽ റോഡ് മാർഗം യാത്ര ചെയ്യുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും ഉൾപ്പെടെയുള്ള

യാത്രക്കാർക്ക് ഉപയോഗയോഗ്യമായ പൊതു ശുചിമുറികളുടെ അഭാവം മുഖാന്തിരം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ സർക്കാർ സഗൗരവം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ ദേശീയ, സംസ്ഥാന പാതയോരങ്ങൾ പൊതുജനങ്ങൾ ഒത്തുകൂടുന്ന ബസ് സ്റ്റേഷനുകൾ ഷോപ്പിംഗ് മാളുകൾ എന്നിവിടങ്ങളിൽ 12000 ജോഡി പൊതു ടോയ്‌ലെറ്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനും ഉപയോഗയോഗ്യമല്ലാത്തവ നവീകരിക്കുന്നതിനും പദ്ധതിയിട്ട് 20.02.2020 ലെ സ.ഉ. (കൈ) നം. 30/2020/ തസ്വഭവ എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടേക്ക് എ ബ്രേക്ക് എന്ന് നാമകരണം ചെയ്ത മേൽ പറഞ്ഞ പദ്ധതികളുടെ നിർമ്മാണ ചുമതല ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിബന്ധനകൾ പ്രകാരം നിർവഹിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ശുചിത്വകേരളം (റൂറൽ), 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുടങ്ങിയ ഫണ്ടുകൾ ഉപയോഗപ്പെടുത്തിയാണ് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പ്രവൃത്തികളിൽ വലിയറത്തലയിൽ പബ്ലിക്ക് ടോയ്‌ലെറ്റ് നിർമ്മാണം ടേക്ക് എ ബ്രേക്ക് സംവിധാനം (പ്രോജക്ട് നമ്പർ SO 244/22) എന്ന പേരിൽ ഒരു പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫയലിന്റെ പരിശോധനയെ തുടർന്ന് താഴെ പറയുന്ന ഉള്ളടക്കത്തോടെ ഓഡിറ്റ് എൻക്വയറി നം. 30 അസിസ്റ്റന്റ് എഞ്ചിനീയറിന് നൽകിയിട്ടുണ്ട്.

1. പഞ്ചായത്ത് അതിർത്തിക്കുള്ളിലെ ടേക്ക് എ ബ്രോക്ക് ടോയ്‌ലെറ്റുകളുടെ എണ്ണം.

2. നിർമ്മാണം പൂർത്തിയാക്കിയ വർഷം, ചെലവു തുക.

3. നിർമ്മാണത്തിനുപയോഗപ്പെടുത്തിയ ഫണ്ടിനം.

4. ശുചിത്വമിഷൻ സാങ്കേതിക വിഭാഗം ബില്ലുകൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ.

5. ധന വിനിയോഗ സാക്ഷ്യപത്രം ശുചിത്വമിഷനിൽ നൽകിയതിന്റെ വിശദാംശങ്ങൾ.

6. ടോയ്‌ലെറ്റിന്റെ ഓപ്പറേഷൻ & മെയിന്റനൻസിന്റെ വിശദാംശങ്ങൾ.

7. ടേക്ക് എ ബ്രേക്ക് എബ്ളത്തോടു കൂടി ബോർഡ് സ്ഥാപിച്ചതിന്റെ വിവരം.

8. ടോയ്‌ലെറ്റുകൾ സ്ഥാപിച്ച ഭൂമിയുടെ അവകാശം പഞ്ചായത്തിൽ നിക്ഷിപ്തമാണെന്നതിന്റെ വിശദാംശങ്ങൾ.

എന്നാൽ മേൽ സൂചിപ്പിക്കപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകുവാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് മേൽ വിശദാംശങ്ങൾ തയ്യാറാക്കി ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്.

## 1-20 ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി. |
| പദ്ധതി,നം | 4, ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി<br>1400000 രൂപ |
| അടങ്കൽ തുക | പൊതുവിഭാഗം സാധാരണ വിഹീതം-400000 രൂ.<br>മറ്റുള്ളവ- 1000000 രൂ. |
| ചെലവ് തുക | ബിൽ നം. – 315/6-1-22<br>പൊതുവിഭാഗം സാധാരണ വിഹിതം<br>400000 രൂപ |
| നിർവ്വഹണ എജൻസി | KWA. |

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയിൽ അംഗമാകാൻ അടങ്കൽ തുകയുടെ 15%പഞ്ചായത്ത് വിഹിതമായും,10% പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായും വകയിരുത്തണം എന്ന് 24/2/21 ലെ കത്തിൽ KWA നിർദ്ദേശിച്ചിട്ടുണ്ട്. തൻവർഷത്തെ അംഗീകൃത പ്രോജക്ട് പ്രകാരം,പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത തുക,331500 രൂപ,(വൗച്ചർ നം.221010401/19-2-22) KWA യ്ക്ക് കൈമാറിയിട്ടുണ്ട്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1) നാളിതുവരെ കുടിവെള്ള കണക്ഷൻ ലഭിച്ചവരുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

(2) KWA യ്ക്കു നൽകിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യ പത്രം ഫയലിൽ ലഭ്യമല്ല.
മേല്പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.20 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത്

ഉടനെ ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 പത്രപ്പരസ്യം -ഡിസ്കൗണ്ട് കണക്കാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 3 |
| പ്രോജക്റ്റിന്റെ പേര് | പദ്ധതി ആസൂത്രണം നിർവഹണം മോണിറ്ററിംഗ് |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 350000 രൂപ<br>(തനത് ഫണ്ട്) |
| ചെലവ് | 140982 രൂപ |

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യനിരക്ക് ജി.ഒ(പി) നം.17/15/ I & PRD തീയതി 08-12-2015, ജി.ഒ(ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014 , ജി.ഒ (പി) നം.1/2019/I&PRD തീയതി 07.01.2019, ജി.ഒ(പി) നം.2/2020/I&PRD തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ പരസ്യങ്ങൾ പി.ആന്റ് എ ആർ ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.കേരളകൌമുദി ദിനപ്പത്രത്തിന് ടി ഉത്തരവു പ്രകാരമുള്ള പരസ്യ നിരക്ക് 158രൂ/sq.cm ആണ്.എന്നാൽ 2020-21, 2021-22 വർഷങ്ങളിലെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് മേൽ പ്രോജക്ടുകൾ പ്രകാരം കേരള കൗമുദി ദിനപ്പത്രത്തിൽ പത്രപ്പരസ്യം നൽകിയപ്പോൾ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകളും ഡിസ്കൗണ്ടും കണക്കാക്കിയിട്ടില്ല. ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമം നം. | വൗച്ചർ നം./തീയതി | കോളം വലിപ്പം(sq.cm) | ബിൽ തുക(രൂ) | കോളം നിരക്ക്/sq.cm |
|---|---|---|---|---|
| 1 | 22100814/11-11-21(കേരളകൌമുദി) | 24 | 8064 | 320 |
| 2 | 22100814/11-11-21(കേരളകൌമുദി) | 24 | 8064 | 320 |
| 3. | 22101550/21-3-22(കേരളകൌമുദി) | 24 | 8064 | 320 |
| 4 | 22100540/10-7-21(കേരളകൌമുദി) | 24 | 8064 | 320 |
| 5 | 22100540/2-9-21(കേരളകൌമുദി) | 24 | 8064 | 320 |
| 6 | 22100540/2-9-21(കേരളകൌമുദി) | 24 | 8064 | 320 |
| 7 | 2210049/7-3-22(കേരളകൌമുദി) | 24 | 8064 | 320 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ (നം.15) കേരളകൗമുദി പത്രം ഈടാക്കുന്ന വാണിജ്യ പരസ്യ നിരക്കിലാണ് തുക നല്കിയത് എന്നും, ഡിസ്കൗണ്ട് ഉൾപ്പെടെയുള്ള നിരക്കിലാണ് തുക നല്കിയതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേല്പറഞ്ഞ ബില്ലുകളിൽ ഡിസ്കൗണ്ട് തുക രേഖപ്പെടുത്തിയിട്ടില്ല. അധിക നിരക്കിലുള്ള പരസ്യ താരിഫ്,കുറഞ്ഞ നിരക്കിലുള്ള ഡിസ്കൗണ്ട് എന്നിവ മൂലം അധികം നൽകിയ തുക ഭാവിയിലെ ബില്ലുകളിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയില്ല.

പഞ്ചായത്തിൽ 2021-22 വർഷം, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന വിധം വാങ്ങലുകൾ നടത്തിയിട്ടുണ്ട്. (എ)കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ (പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്. മലയിൻകീഴ് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന വിധം വാങ്ങലുകൾ നടത്തിയിട്ടുണ്ട്.
I)

| ക്രമ നം. | പ്രോജക്റ്റ് നം.,പേര് | വിതരണ സ്ഥാപനം | തുക(രൂ) | നിർവ്വഹണ ഉദ്യോഗസ്ഥ |
|---|---|---|---|---|
| 1 | SO-201/22,വീടുകൾക്ക് ബയോബിൻ | IRTC | 480240 | VEO |
| 2 | 264/22അംഗനവാടികൾക്ക് ബയോബിൻ | IRTC | 12600 | VEO |

നൽകിയ തുകയുടെ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയതായിട്ടില്ല.

ടി സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 35 ന് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവന പദ്ധതി

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) എന്ന പ്രോജക്ട് പ്രകാരം എഗ്രിമെന്റ് ചമച്ച് ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 14)

| ക്രമ നം. | പേര്,വാർഡ് | വർഷം | കൈപ്പറ്റിയ തുക (രൂപ) | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | ശ്രീമതി ഉഷാകുമാരി,പ്രിയാസദനം വലിയറത്തല | 2019 | 300000 | നോട്ടീസ് അയച്ചു |

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല/പൂർത്തിയാക്കിയിട്ടില്ല, എങ്കിൽ ഇതിനായി അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-24 വെള്ളക്കരം-ബില്ലുകളിൽ ആശയക്കുഴപ്പം

ഗ്രാമപഞ്ചായത്ത് പ്രതിമാസം 97396 രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. എന്നാൽ KWA യുടെ ചില ബില്ലുകളിൽ Closing Balance, Fine എന്നിവ കൂടി ഉൾപ്പെടുത്തിയുള്ള തുകയാണ് ഡിമാന്റു ചെയ്തിട്ടുള്ളത്. ഉദാഹരണമായി, 2021 ഏപ്രിൽ മാസത്തെ ബിൽ പ്രകാരം,Closing Balance As On 31-3-21,692367-രൂപയും, Demand For The Month 97396രൂപയും , ഫൈൻ13616 രൂപയും ചേർത്ത് ആകെ Amount Payable 803379 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ ഗ്രാമപഞ്ചായത്ത്, പ്രതിമാസ വെള്ളക്കരമായ97396 രൂ. തന്നെയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്.2021 മാർച്ച് മാസത്തെ ബിൽ പ്രകാരം, Closing Balance As On 28-2-21-582268 രൂപയും, Demand For The Month97396 രൂപയും, ചേർത്ത് ആകെ Amount Payable 691129 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നാൽ ഗ്രാമപഞ്ചായത്ത്, തൻമാസ തുകയായ 97396രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിയിട്ടുള്ളത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടന്നതിന്റെ വിശദാംശം എന്ന് ഓഡിറ്റ് എൻക്വയറി നം. 9 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. വെള്ളക്കരം സംബന്ധിച്ച ആശയക്കുഴപ്പം പരിഹരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. -1291393 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

വിവിധ പ്രവൃത്തികൾക്കായി KSEB, യിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഏജൻസി | തുക( രൂപ) | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | 255,വൈദ്യുതി ലൈൻ നീട്ടൽ | KSEB | 59,637 | 238/3-12-21 |
| 2 | 255,വൈദ്യുതി ലൈൻ നീട്ടൽ | KSEB | 60,180 | 245/3-12-21 |
| 3 | 255,വൈദ്യുതി ലൈൻ നീട്ടൽ | KSEB | 2,05,426 | 275/18-12-21 |
| 4 | 255,വൈദ്യുതി ലൈൻ നീട്ടൽ | KSEB | 4,78,544 | 296/27-12-21 |
| 5. | 255,വൈദ്യുതി ലൈൻ നീട്ടൽ | KSEB | 2,89,604 | 448/23-2-22 |
| 6 | 255,വൈദ്യുതി ലൈൻ നീട്ടൽ | KSEB | 59,909 | 587/24-3-22 |

| | | | | |
|---|---|---|---|---|
| 7 | 255,വൈദ്യുതി ലൈൻ നീട്ടൽ | KSEB | 20,359 | 600/26-3-22 |
| 8 | 255,വൈദ്യുതി ലൈൻ നീട്ടൽ | KSEB | 17,734 | 602/26-3-22 |
| 9 | 17 – ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | KSEB | 38,758 | |
| | | ആകെ | 12,30,151 | |

20.01.2018-ലെ സ.ഉ (കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ക്രമ നം. 9 പ്രകാരം DPC യ്ക്ക് നൽകിയ തുകയ്ക്കും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി 12,91,393/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-26 ആഞ്ഞിലി മരം-ലേലം ചെയ്യേണ്ടതാണ്.

വൗച്ചർ നം.22100454/13-8-21 പ്രകാരം അന്തിയൂർക്കോണം കല്ലുവരമ്പത്ത് റോഡ് അരികത്തു നിന്ന ആഞ്ഞിലി മരം മുറിച്ച് മാറ്റുവാൻ 2991 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി മരത്തിന് സോഷ്യൽ ഫോറസ്ട്രി വിഭാഗം 4663 രൂപ വില നിശ്ചയിച്ച് നൽകിയതിനെ തുടർന്ന് ലേലം നടത്തിയെങ്കിലും,ആരും ലേലം കൊണ്ടില്ല.തുടർന്ന് ടി മരത്തിന്റെ വില പുനർ നിർണ്ണയിക്കാൻ ജനറൽ കമ്മിറ്റിയുടെ 4(2)/26-7-21 പ്രകാരം സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിനോട് അഭ്യർത്ഥിച്ചു.എന്നാൽ സെക്രട്ടറിയുടെ വിവേചനാധികാരം ഉപയോഗിച്ച് വില പുതുക്കി നിശ്ചയിക്കാൻ സോഷ്യൽ ഫോറസ്ട്രി വിഭാഗം അറിയിച്ചു. എന്നാൽ നാളിതു വരെ ടി മരത്തിന്റെ ലേലം നടന്നിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി.നം.10 ന നല്കിയ മറുപടിയിൽ വ്യക്തമാക്കുന്നു.ഇക്കാര്യത്തിൽ ജനറൽ കമ്മിറ്റി ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 776227 | 1842625 | 2618852 | 1922625 | 696227 |

2021-22 ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ച് നടപ്പിലാക്കിയ പ്രോജക്ടുകൾ

| ക്രമ നം. | പദ്ധതിയുടെ പേര്, പ്രോജക്ട് നം. | തുക |
|---|---|---|
| 1. | ലൈഫ് ഭവന നിർമാണം എസ് സി 2020-21, 203 | 80000 |
| 2. | ലൈഫ് ഭവന നിർമാണം എസ് സി, 149 | 280000 |
| 3. | മൺചട്ടിയിൽ പച്ചക്കറിത്തൈ വിതരണം, 110 | 20000 |
| 4. | സമഗ്രപുരയിട കൃഷി(ഗ്രൂപ്പ്), 164 | 80000 |
| 5. | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 134 | 662625 |

| | | |
|---|---|---|
| 6. | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര വിതരണം (ജനറൽ), 105 | 300000 |
| 7. | കുറ്റിക്കാട് അങ്കണവാടി കെട്ടിട നിർമ്മാണം, 113 | 300000 |
| 8. | ക്ഷീരസമൃദ്ധി - വനിത, 156 | 200000 |
| | ആകെ | 1922625 |

ജില്ലാ പഞ്ചായത്ത്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|
| 372534 | 3070125 | 3442659 | 3430125 | 12534 |

2021-22 ൽ ജില്ലാ പഞ്ചായത്തിൽ വിഹിതം ചെലവഴിച്ച് നടപ്പിലാക്കിയ പ്രോജക്റ്റുകൾ

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | ലൈഫ് ഭവന നിർമാണം എസ് സി, 149 | 280000 |
| 2. | ലൈഫ് ഭവന പദ്ധതി ( എസ് സി എസ് റ്റി ഫിഷറീസ് ഗുണഭോക്താക്കൾ), 208 | 360000 |
| 3. | ലൈഫ് ഭവന നിർമാണം ജനറൽ, 142 | 280000 |
| 4. | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, 134 | 662625 |
| 5. | ന്യൂ ലൈഫ് പാർപ്പിട പദ്ധതി, 218 | 50000 |
| 6. | ന്യൂ ലൈഫ് പാർപ്പിട പദ്ധതി എസ്സ് സി പി (SO), 219 | 175000 |
| 7. | ന്യൂ ലൈഫ് -എസ് സി -വീട് വാസയോഗ്യമാക്കൽ, 107 | 1000000 |
| 8. | ന്യൂ ലൈഫ് പാർപ്പിട പദ്ധതി എസ്സ് സി പി, 221 | 545000 |
| 9. | ക്ഷീരസമൃദ്ധി - ജനറൽ,153 | 27500 |
| 10. | ക്ഷീരസമൃദ്ധി - വനിത, 156 | 50000 |
| | ആകെ | 3430125 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക

| നിർവ്വഹണ ഏജൻസി | പദ്ധതി നം., പദ്ധതിയുടെ പേര് | നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|
| കെ.എസ്.ഇ.ബി | 255, തെരുവ് വിളക്ക് ലൈൻ നീട്ടൽ | 1191393 | - |
| | 17, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 38758 | - |
| കേരള വാട്ടർ അതോറിറ്റി | 4, ജലജീവൻ പദ്ധതി പഞ്ചായത്ത് വിഹിതം | 400000 | - |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | 2021-21 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 3180771 | 400000 | 3580771 | - | 400000 |
| കെ.എസ്.ഇ.ബി | 5844564 | 1230151 | 7074715 | - | 4576614 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KURDFC ലോൺ | 19897334 | 0 | 19897334 | 1921334 | 17976000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി.

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് (രൂപ) | 173,84,725 |
| ഓഡിറ്റ് വർഷത്തെ വരവ് (രൂപ) | 1096,79,284 |
| ആകെ (രൂപ) | 1270,64,009 |
| ഓഡിറ്റ് വർഷത്തെ ചെലവ് (രൂപ) | 987,07,051 |
| നീക്കിയിരിപ്പ് (രൂപ) | 283,56,958 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,91,393 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 12,91,393 | ശ്രീ. ബിന്ദുരാജ്.എം.എ, സെക്രട്ടറി |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.ബിന്ദുരാജ്എം.എ, സെക്രട്ടറി | സെക്രട്ടറി, മലയിൻകീഴ് ഗ്രാമ പഞ്ചായത്ത്. | മണ്ണിൽപറമ്പിൽ കൊടുങ്ങാനൂർ.പി.ഓ വട്ടിയൂർക്കാവ്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം ജി.പി.4/1710/22 തീയതി 30.09.2022 | 1 |
| 2010-11 | കെ.എസ്.എ.റ്റി.വി.എം ജി.പി.4/1710/22 തീയതി 30.09.2022 | 1 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം ജി.പി.4/1710/22 തീയതി 30.09.2022 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം ജി.പി.4/1710/22 തീയതി 30.09.2022 | 3 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം ജി.പി.4/1710/22 തീയതി 30.09.2022 | 4 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം ജി.പി.4/1710/22 തീയതി 30.09.2022 | 5 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം ജി.പി.4/1710/22 തീയതി 30.09.2022 | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജി.പി.4/2349/19തീയതി 04.06.2020 | 17 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം ജി.പി.4/2170/2019തീയതി 25.10.2022 | 19 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/1462/2021, തീയതി 10.11.2021 | 15 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.4/9672022, തീയതി 10.11.2021 | 30 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്

എസ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്